## കരിയിലും വര...

കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ ആർട്ട് ബൈ ചിൽഡ്രൻ പദ്ധതിയുടെ ഭാഗമായി ബിനാലെ വേദിയായ ഫോർട്ടുകൊച്ചി കബ്രാൾയാർഡിലെ ആർട്ട് റൂമിൽ ആർട്ടിസ്റ്റ് പി.വി. നന്ദൻ ഒരുക്കിയ കൽക്കരി ഉപയോഗിച്ചുള്ള ചിത്രരചനാ പരിശീലനക്കളരിയിൽ പങ്കെടുക്കുന്ന കുട്ടികൾ.

### പ്രാവിൻ കൂട്ടത്തെ രക്ഷിക്കാൻ ശ്രമം

# വാഹനങ്ങൾ കൂട്ടിയിടിച്ചു 11 പേർക്കു പരിക്ക്

**കൊച്ചി:** റോഡിൽ ഇരിക്കുകയായിരുന്ന പ്രാവിൻ കൂട്ടത്തെ ഇടിക്കാതിരിക്കാൻ കാർ സഡൻ ബ്രേക്കിട്ടതിനെത്തുടർന്നു വാഹനങ്ങളുടെ കൂട്ടയിടി. അപകടത്തിൽ 11 പേർക്കു പരിക്കേറ്റു. പെട്ടെന്നു നിർത്തിയ കാറിനു പിന്നിൽ മറ്റൊരു കാറും അതിനു പിന്നിൽ ലോറിയും ലോറിക്കു പിന്നിൽ കെഎസ്ആർടിസി ബസും ഇടിച്ചു കയറുകയായിരുന്നു. അപകടത്തിൽപ്പെട്ട വാഹനങ്ങൾ ഭാഗികമായി തകർന്നു.

ഇന്നലെ ഉച്ചയ്ക്കു 12ന് ഇടപ്പള്ളി മാമംഗലത്തിനു സമീപമായിരുന്നു അപകടം. ഗുരുവായൂരിലേക്കു പോവുകയായിരുന്ന കെഎസ്ആർടിസി ബസിലെ യാത്രക്കാർക്കാണു പരിക്കേറ്റത്. മുന്നിലുള്ള ലോറിയിൽ ഇടിക്കാതിരിക്കാൻ ബസ് പെട്ടെന്നു നിർത്തിയപ്പോൾ സീറ്റിൽനിന്നു തെറിച്ചുവീണാണു യാത്രക്കാർക്കു പരിക്കേറ്റത്.

ഇവർക്കു സമീപത്തെ സ്വകാര്യ ആശുപത്രിയിൽ പ്രഥമശുശ്രൂഷ നൽകി. ആരുടെയും പരിക്ക് ഗുരുതരമല്ലെന്ന് അധികൃതർ പറഞ്ഞു. പാലാരിവട്ടം എസ്ഐ എസ്. സനലിന്റെ നേതൃത്വത്തിൽ പോലീസ് മേൽനടപടികൾ സ്വീകരിച്ചു.

ഇടപ്പള്ളി മാമംഗലത്തിനു സമീപം വാഹനങ്ങൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ തകർന്ന കെഎസ്ആർടിസി ബസ്.

## രജിസ്ട്രേഷനായി യാർഡിൽ സൂക്ഷിച്ച കാർ കവർന്നു

**കളമശേരി:** രജിസ്ട്രേഷനു വേണ്ടി സ്വകാര്യ കാർ കമ്പനിയുടെ യാർഡിലിട്ടിരുന്ന കാർ മോഷണം പോയതായി പരാതി. ഇടപ്പള്ളിയിലെ കമ്പനി യാർഡിൽ രജിസ്ട്രേഷനു കൊണ്ടുപോകാൻ ഇട്ടിരുന്ന മാരുതി സ്വിഫ്റ്റ് കാറാണു മോഷണം പോയത്. ഡിസംബർ 23നാണ് യാർഡിൽ വാഹനം കൊണ്ടുവന്നത്. കഴിഞ്ഞദിവസം ഉടമയ്ക്കു വാഹനം നൽകുന്നതിനായി ഓഫീസിൽനിന്നു കാർ എടുക്കാൻ സ്ഥലത്തെത്തിയപ്പോഴാണ് വാഹനം നഷ്ടപ്പെട്ടതായി അറിയുന്നത്.

ഇടപ്പള്ളി ടോളിൽനിന്നു വട്ടേക്കുന്നം ഭാഗത്തേക്കു പോകുന്ന വഴിയിലാണു യാർഡ് സ്ഥിതിചെയ്യുന്നത്. നിരവധി ജീവനക്കാർ ഇവിടെ ജോലി ചെയ്യുന്നുണ്ട്. ആയിരക്കണക്കിനു വാഹനങ്ങളുള്ള യാർഡിൽ വിൽപന നടത്തിയ വാഹനങ്ങളിൽ താക്കോൽ വയ്ക്കാറുണ്ട്. ഇതു മോഷ്ടാവിനു സൗകര്യമായെന്നു കരുതുന്നു. അതേസമയം ജീവനക്കാരറിയാതെ എങ്ങിനെയാണു വാഹനം പോയതെന്നതു ദുരൂഹമാണ്. സെക്യൂരിറ്റി പരിശോധനയ്ക്കുശേഷം മാത്രമേ വാഹനങ്ങൾ പുറത്തേക്കു വിടാറുള്ളൂ. മാനേജ്മെന്റിന്റെ പരാതിയിൽ കളമശേരി പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

### പ്രളയത്തിൽ

# പൂർണമായും വീടു നഷ്ടപ്പെട്ടവർക്കു മുഴുവൻ സഹായവും മാർച്ചിനകം

**കാക്കനാട്:** പ്രളയത്തിൽ പൂർണമായും വീട് നഷ്ടപ്പെട്ടവർക്കു മാർച്ച് 31നകം മുഴുവൻ നഷ്ടപരിഹാരവും ലഭ്യമാക്കുമെന്നു ജില്ലാ കളക്ടർ മുഹമ്മദ് സഫീറുള്ള. സിവിൽസ്റ്റേഷൻ പ്ലാനിംഗ് ഹാളിൽ ചേർന്ന പ്രളയ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഭവന നിർമാണ അപേക്ഷകളിൽ എൻഒസി നൽകാൻ വൈകിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരേ നടപടിയെടുക്കുമെന്നും കളക്ടർ പറഞ്ഞു. ഇത്തരത്തിൽ അഞ്ചിൽ കൂടുതൽ എൻഒസികളിൽ കാലതാമസം നേരിടുന്ന പഞ്ചായത്തുകളുടെ പ്രത്യേക യോഗം അടുത്ത ശനിയാഴ്ച കളക്ടറുടെ ക്യാമ്പ് ഓഫീസിൽ നടത്തും.

പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുന്നതിനു സൗകര്യങ്ങൾ ഒരുക്കും. ഇത്തരം ഭൂമിയിൽ താമസിക്കുന്നവർക്കു സർക്കാർ നഷ്ടപരിഹാരം ലഭിക്കുന്നതുൾപ്പെടെ നിരവധി പ്രശനങ്ങളുണ്ട്. പുറമ്പോക്കു ഭൂമിയിൽനിന്ന് മാറാൻ വിസമ്മതിക്കുന്നവരുടെ പ്രത്യേക യോഗവും ചേരും.

പ്രളയ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി കടവൂർ, ആരക്കുഴ വില്ലേജുകളിൽ ഈ ആഴ്ച തന്നെ വീടുകളുടെ നിർമാണം ആരംഭിക്കും. പ്രളയത്തിൽ പൂർണമായും വീട് നഷ്ടപ്പെട്ടവർക്കു മറ്റൊരാൾ സ്ഥലം വാഗ്ദാനം ചെയ്താൽ ആ സ്ഥലത്തിനു രജിസ്ട്രേഷൻ ഫീസ് സർക്കാർ പൂർണമായും ഒഴിവാക്കിയിട്ടുണ്ട്. വിവിധ പ്രളയബാധിത പ്രദേശങ്ങളിലെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ പുരോഗതി യോഗം വിലയിരുത്തി.

യോഗത്തിൽ ജില്ലാ ദുരന്തനിവാരണ ഡെപ്യൂട്ടി കളക്ടർ പി.ഡി. ഷീലാ ദേവി, ജില്ലയിലെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ നോഡൽ ഓഫീസർ കെ. മനോജ്, ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഏണസ്റ്റ്, തഹസിൽദാർമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ, വില്ലേജ് ഓഫീസർമാർ എന്നിവർ പങ്കെടുത്തു.

## ഫേസ്ബുക്ക് വഴി പരിചയം, പീഡനം, ഭീഷണി: യുവാവ് അറസ്റ്റിൽ



അഖിൽ

**കൊച്ചി:** ഫേസ്ബുക്ക് വഴി പരിചയപ്പെട്ട പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിക്കുകയും ഇക്കാര്യം പുറത്തു പറയാതിരിക്കാൻ 5000 രൂപ ആവശ്യപ്പെട്ടു ഭീഷണിപ്പെടുത്തുകയും ചെയ്ത യുവാവിനെ പോക്സോ നിയമ പ്രകാരം അറസ്റ്റ് ചെയ്തു. ഏരൂർ കണിയാമ്പുഴ സ്വദേശി അഖിൽ (23) ആണ് എളമക്കര പോലീസിന്റെ പിടിയിലായത്.

കഴിഞ്ഞ ജനുവരിയിലാണു ഫേസ്ബുക്ക് വഴി പെൺകുട്ടിയെ പരിചയപ്പെട്ടത്. തുടർന്നു സുഹൃത്തിന്റെ മകന്റെ പിറന്നാൾ ആഘോഷത്തിൽ പങ്കെടുക്കാനെന്നു പറഞ്ഞു വിശ്വസിപ്പിച്ചശേഷം ജൂണിൽ എളമക്കരയിലുള്ള ഒരു സർവീസ് അപ്പാർട്ട്മെന്റിൽ എത്തിച്ചു വിവാഹ വാഗ്ദാനം നൽകി പീഡിപ്പിക്കുകയുമായിരുന്നുവെന്നു പോലീസ് പറഞ്ഞു. ഓൺലൈൻ വഴിയാണ് അപ്പാർട്ട്മെന്റിൽ റൂം ബുക്ക് ചെയ്തത്. പുതുവത്സരത്തലേന്നു പെൺകുട്ടി പഠനം കഴിഞ്ഞു തിരികെ വീട്ടിലേക്കു പോകുന്ന സമയത്തു പ്രതി പറവൂർ താലൂക്ക് ഓഫീസ് ഭാഗത്തുവച്ചു പണം ആവശ്യപ്പെട്ടു ഭീഷണിപ്പെടുത്തി.

സംഭവം ശ്രദ്ധയിൽപ്പെട്ട താലൂക്ക് ഓഫീസ് ജീവനക്കാർ പറവൂർ പോലീസിനെ വിവരം അറിയിക്കുകയും തുടർന്നു കേസെടുത്ത് എളമക്കര പോലീസിനു കൈമാറുകയുമായിരുന്നു. പ്ലംബിംഗ് ജോലി ചെയ്യുന്ന ആളാണു പ്രതി.

## എടിഎം കാർഡ് മോഷ്ടിച്ചു പണം തട്ടിയയാൾ പിടിയിൽ

**ആലുവ:** ആലുവ അദ്വൈത ആശ്രമം ഓഫീസ് ജീവനക്കാരന്റെ എടിഎം കാർഡ് മോഷ്ടിച്ചു പണം തട്ടിയ കേസിൽ എൻസിപിയുടെ മുൻ നേതാവ് മൂന്നു മാസത്തിനുശേഷം പോലീസ് പിടിയിൽ. ആലുവ ശ്രീനാരായണപുരത്തു വാടകയ്ക്കു താമസിക്കുന്ന സരിൻകുമാർ (33) ആണ് അറസ്റ്റിലായത്. ആശ്രമം ഓഫീസിനു പിന്നിലുള്ള ഗസ്റ്റ് ഹൗസിലെ ജനൽപാളി തുറന്നു ജീവനക്കാരനായ അരവിന്ദന്റെ ബാഗിലെ എടിഎം കാർഡ് മോഷ്ടിച്ചെന്നാണു കേസ്.

ബാഗിൽ എടിഎം കാർഡിന്റെ പിൻനമ്പറും ഉണ്ടായിരുന്നു. കാർഡ് ഉപയോഗിച്ച് ആലുവയിലെ രണ്ടു പെട്രോൾ പമ്പുകളിൽനിന്നു പ്രതി ബൈക്കിൽ പെട്രോൾ നിറയ്ക്കുകയും കലൂരിലെ ഇൻഡസ് ബാങ്കിന്റെ എടിഎം കൗണ്ടറിൽനിന്നു മൂന്നു തവണയായി 30,000 രൂപ പിൻവലിക്കുകയും ചെയ്തിരുന്നു. എടിഎം കൗണ്ടറിലെ സിസി ടിവി കാമറ പരിശോധിച്ചാണു പോലീസ് പ്രതിയെ തിരിച്ചറിഞ്ഞത്.

എടയപ്പുറം കോലാട്ടുകാവ് ഭഗവതി ക്ഷേത്രത്തിലെ തിടപ്പള്ളിയിൽനിന്നു നാലുവർഷം മുമ്പ് ഇയാൾ ശാന്തിക്കാരന്റെ മൊബൈൽ ഫോണും പണവും മോഷ്ടിച്ചിരുന്നു. വേറെയും മോഷണക്കേസുകളുണ്ട്.

എൻസിപിയുടെ പോഷക സംഘടനയായ മത്സ്യത്തൊഴിലാളി യൂണിയൻ ജില്ലാ ഭാരവാഹിയായിരുന്നു ഇയാൾ. ഇയാളെ അടുത്തിടെ പാർട്ടിയിൽനിന്നു പുറത്താക്കിയെന്നാണ് ഔദ്യോഗിക വിശദീകരണം. പ്രതിയെ പോലീസ് വിശദമായി ചോദ്യം ചെയ്ത് വരികയാണ്. ഇന്നു കോടതിയിൽ ഹാജരാക്കും.

## ബിയർ പാർലറിലെ സംഘർഷം: ഒരാൾ കൂടി അറസ്റ്റിൽ

**കിഴക്കമ്പലം:** കിഴക്കമ്പലത്തു ബിയർപാർലറിൽ ഇരുവിഭാഗങ്ങൾ തമ്മിലുണ്ടായ സംഘർഷത്തിൽ ഒരാൾക്കു വെട്ടേറ്റ സംഭവത്തിൽ ഒരാളെ കൂടി അറസ്റ്റ് ചെയ്തു. വിലങ്ങ് കാവുങ്ങൽറമ്പിൽ കുര്യാക്കോസിന്റെ മകൻ സനു (25) വിനെയാണു കുന്നത്തുനാട് സിഐ ജെ. കുര്യാക്കോസ്, എസ്ഐ ടി. ദിലീഷ് എന്നിവരുടെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്. ഞായറാഴ്ച ഇവരുടെ കൂട്ടാളികളായ ചെമ്മലപ്പടി കുടിലിങ്കൽ മനു (21), പുക്കാട്ടുപടി തമ്പലക്കാട്ടിൽ അക്ഷയ് (18) എന്നിവരെ അറസ്റ്റ് ചെയ്തിരുന്നു.

പരിക്കേറ്റ് പഴങ്ങനാട് സമരിറ്റൻ ആശുപത്രിയിൽ കഴിയുന്ന പഴങ്ങനാട് കൊറ്റംകുഴി അനിലിന്റെ (39) മൊഴി പോലീസ് രേഖപ്പെടുത്തി. ഞായറാഴ്ച വൈകിട്ട് ഏഴോടെയായിരുന്നു സംഭവം. ഞാറള്ളൂർ, കിഴക്കമ്പലം ഭാഗങ്ങളിലുള്ള രണ്ടു വിഭാഗങ്ങളാണ് ഏറ്റുമുട്ടിയത്. രണ്ടു സംഘങ്ങൾ തമ്മിൽ ഒരാഴ്ച മുമ്പ് ഇതേ ബാറിൽവച്ച് വാക്കേറ്റവും കൈയാങ്കളിയും ഉണ്ടായിരുന്നു. അന്നു മർദനമേറ്റവർ ഇന്നലെ ബാറിലെത്തി മർദിച്ചവരെ തിരികെ മർദിക്കുകയായിരുന്നെന്നു പോലീസ് പറഞ്ഞു. പ്രതികളെ റിമാൻഡ് ചെയ്തു.

## സ്കൂൾ ബസിനു തീയിട്ട സംഭവം: ഫോറൻസിക് പരിശോധന നടത്തി

**ആലങ്ങാട്:** കരിങ്ങാംതുരുത്ത് ബഡ്സ് സ്കൂൾ ബസിന്റെ ടയറുകൾ പട്ടാപ്പകൽ കത്തിച്ച് ചാമ്പലാക്കിയ സംഭവത്തിൽ ഡോഗ് സ്ക്വാഡും ഫോറൻസിക് വിദഗ്ധരും സ്ഥലത്തെത്തി പരിശോധന നടത്തി.

കഴിഞ്ഞ ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നരയോടെയായിരുന്നു സംഭവം. സ്കൂളിനു സമീപം നിർത്തിയിട്ടിരുന്ന ബസിന്റെ ടയറുകളാണു സാമൂഹ്യവിരുദ്ധർ തീയിട്ടു നശിപ്പിച്ചത്. അവധി ദിവസമായതിനാൽ സംഭവസമയം ആരും സ്ഥലത്തുണ്ടായിരുന്നില്ല. ടയർ പൊട്ടുന്ന വലിയ ശബ്ദംകേട്ടു വന്നുനോക്കിയ നാട്ടുകാരാണ് വരാപ്പുഴ പോലീസിൽ വിവരമറിയിച്ചത്.

ഉടൻ വരാപ്പുഴ എസ്ഐ അനൂപിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം സംഭവസ്ഥലത്തെത്തി പരിശോധന നടത്തി. കത്തിക്കാനുപയോഗിച്ച തീപ്പെട്ടിയും മറ്റു സാമഗ്രികളും പോലീസ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഡോഗ് സ്ക്വാഡിനെയും ഫോറൻസിക് വിദഗ്ധരെയും വിവരമറിയിക്കുകയായിരുന്നു.

ഫോറൻസിക് വിഭാഗം സ്കൂളിൽ പരിശോധന നടത്തുന്നു.

സ്കൂളിനു മതിലുകൾ ഇല്ലാത്തതിനാൽ രാത്രികാലങ്ങളിൽ പ്രദേശത്ത് മദ്യപരുടെ ശല്യം രൂക്ഷമാണെന്നും നാട്ടുകാർ പറഞ്ഞു. ബൈക്കിലെത്തിയ സംഘമാണു ഇതിന്റെ പിന്നിലെന്നു സംശയിക്കുന്നതായി പോലീസ് പറഞ്ഞു. ഈ ഭാഗത്തു രാത്രികാല പട്രോളിംഗ് ശക്തമാക്കി.

## 'കോർട്ട് മാർഷൽ' അരങ്ങേറി

**കാലടി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സർവകലാശാലയിലെ തിയറ്റർ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കോർട്ട് മാർഷൽ എന്ന നാടകം അരങ്ങേറി. ഇന്ത്യയിൽ 15,000ലധികം വേദികളിൽ അവതരിപ്പിച്ചിട്ടുള്ള ഈ നാടകം സൈനിക ജീവിത പശ്ചാത്തലത്തിലുള്ളതാണ്. സ്വദേശ് ദീപക്ക് ആണു നാടകരചയിതാവ്.

നൂറ്റാണ്ടുകളായി ജാതിമേധാവിത്വത്തിനു കീഴിൽ അടിച്ചമർത്തപ്പെട്ടു കിടക്കുന്ന അധികൃതർക്കു തന്റെ സാമൂഹ്യ ജീവിതത്തിലും ഔദ്യോഗിക ജീവിതത്തിലും യാതൊരു മാറ്റവും ഉണ്ടാകുന്നില്ല എന്നതാണു നാടക ഇതിവൃത്തം. ശരൺജിത്ത് സംവിധാനം നിർവഹിച്ച നാടകത്തിന്റെ മലയാള പരിഭാഷ നിർവഹിച്ചതു ഹരിപ്രിയയാണ്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ അരങ്ങേറിയ കോർട്ട് മാർഷൽ എന്ന നാടകം.

## ജിപിഎസ്, ലൈഫ്ബോയ വിതരണം: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ജിപിഎസ്, ലൈഫ്ബോയ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനായി അപേക്ഷ ക്ഷണിച്ചു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾ ജോലി ചെയ്യുന്നതും രജിസ്ട്രേഷനും ലൈസൻസുമുള്ള മത്സ്യബന്ധന യാനങ്ങളുടെ ഉടമകൾക്ക് അപേക്ഷിക്കാം. ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത യാനങ്ങൾക്കു മുൻഗണന ഉണ്ടായിരിക്കും. അപേക്ഷാഫോം ഫിഷറീസ് വകുപ്പിന്റെ ജില്ലാ ഓഫീസുകൾ, ഫിഷറീസ് സ്റ്റേഷനുകൾ, മത്സ്യഭവനുകൾ എന്നിവിടങ്ങളിൽനിന്നു ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ 19 വരെ സ്വീകരിക്കും.

## രംഗോലി 2019 കലോത്സവം നടത്തി

**പെരുമ്പാവൂർ:** ജില്ലയിലെ ഇതരസംസ്ഥാനക്കാരായ തൊഴിലാളികളുടെ കുട്ടികൾക്കായുള്ള ജില്ലാ കലോത്സവം രംഗോലി 2019 സംഘടിപ്പിച്ചു. എറണാകുളം ജില്ലാ പ്രോജക്ടിന്റെ നേതൃത്വത്തിൽ പുല്ലുവഴി ജയകേരളം ഹയർ സെക്കൻഡറി സ്കൂളിൽ ഇതരസംസ്ഥനക്കാരായ വിദ്യാർഥികളുടെ കലാപരമായ കഴിവുകളും സർഗവാസനയും പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

വിവിധ സ്കൂളുകളിൽ നിന്നായി നാനൂറോളം കുട്ടികളും അവരുടെ രക്ഷിതാക്കളും അധ്യാപകരും ഉൾപ്പെടെ എണ്ണൂറോളം പേർ പങ്കെടുത്ത പരിപാടി പ്രൗഢഗംഭീരമായ ഘോഷയാത്രയോടെയാണ് ആരംഭിച്ചത്.

ജില്ലാ പ്രോജക്ട് ഓഫീസർ സജോയ് ജോർജ് റാലി ഫ്ളാഗ്ഓഫ് ചെയ്തു. ഉദ്ഘാടന സമ്മേളനത്തിൽ രായമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൗമിനി ബാബു അധ്യക്ഷത വഹിച്ചു. സമഗ്രശിക്ഷ എറണാകുളം ജില്ലാ പ്രോജക്ട് ഓഫീസർ സജോയ് ജോർജ് സ്വാഗതം പറഞ്ഞു. എൽദോസ് കുന്നപ്പിള്ളി എംഎൽഎ ഉദ്ഘാടനം നിർവഹിച്ചു.

ജില്ലാ പഞ്ചായത്തംഗം ശാരദ മോഹൻ, രായമംഗലം ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ജ്യോതിഷ് കുമാർ, എഇഒ പെരുമ്പാവൂർ കെ.വി. ഉണ്ണികൃഷ്ണൻ, ജെകെഎച്ച്എസ്എസ് പുല്ലുവഴി പ്രധാനാധ്യാപകൻ ജി. ശ്രീകുമാർ, കൂവപ്പടി ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ഷീന കെ. പുന്നൂസ്, എസ്. ജ്യോതിഷ് കുമാർ, പി.എം. ജോൺ, പി.ബി. രതീഷ് എന്നിവർ പ്രസംഗിച്ചു.

കുട്ടികൾ മികച്ച കലാപ്രകടനങ്ങളിലൂടെ കാണികളുടെ ഹൃദയം കവർന്നു. വൈകിട്ട് അഞ്ചുവരെ കുട്ടികളുടെ പാട്ട്, ഫ്യൂഷൻ ഡാൻസ്, മോണോ ആക്ട്, നാടോടി നൃത്തം, പെൻസിൽ ഡ്രോയിംഗ്, ആക്ഷൻ സോംഗ്, ഗ്രൂപ്പ് സോംഗ്, ഗ്രൂപ്പ് ഡാൻസ്, നാടൻ പാട്ട് തുടങ്ങി നിരവധി കലാപ്രകടനങ്ങൾ ഉണ്ടായിരുന്നു.

ജില്ലയിലെ ഇതരസംസ്ഥാനക്കാരായ തൊഴിലാളികളുടെ കുട്ടികൾക്കായി പുല്ലുവഴി ജയകേരളം ഹയർസെക്കൻഡറി സ്കൂളിൽ നടന്ന ജില്ലാ കലോത്സവ ഘോഷയാത്രയിൽനിന്ന്.

## തീരദേശ പരിപാലന നിയമം: 190 അപേക്ഷകൾക്ക് ക്ലിയറൻസ്

**കൊച്ചി:** തീരദേശ പരിപാലന നിയമപ്രകാരം ജില്ലയിൽ 190 അപേക്ഷകൾക്ക് ക്ലിയറൻസ് നൽകിയതായി ജില്ലാ സീനിയർ ടൗൺ പ്ലാനർ അറിയിച്ചു. കെട്ടിട നിർമാണാനുമതി ലഭിക്കുന്നതിനു 22 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നു ലഭിച്ച 270 അപേക്ഷകളാണ് പരിശോധിച്ചത്. കേരള തീരദേശ പരിപാലന അഥോറിറ്റി (കെസിസെഡ്എംഎ) ജില്ലാതല കമ്മിറ്റികൾക്കു കൈമാറിയിട്ടുള്ള അധികാര പരിധിയിലുള്ള വീടുകളുടെ നിർമാണവുമായി ബന്ധപ്പെട്ടാണ് അനുമതി നൽകിയത്.

42 അപേക്ഷകൾ പുന:സമർപ്പിക്കാനും നിർദേശിച്ചു. 29 അപേക്ഷകൾ നിരസിച്ചു. അഞ്ചെണ്ണം നിയമത്തിന്റെ പരിധിക്കു പുറത്തുള്ളവയാണ്. ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിച്ചതു പറവൂർ താലൂക്കിലെ ചിറ്റാറ്റുകര പഞ്ചായത്തിൽനിന്നാണ്- 30 എണ്ണം. തൃപ്പൂണിത്തുറ, ഉദയംപേരൂർ, കോട്ടുവള്ളി, കൊച്ചി കോർപറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നാണ് ഏറ്റവും കുറവ് അപേക്ഷകളുണ്ടായത്. ഒന്നു വീതം.

FEDERAL BANK
YOUR PERFECT BANKING PARTNER

ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ്
രജി. ഓഫീസ്: പി. ബി. നമ്പർ 103, ഫെഡറൽ ടവേഴ്സ്, ആലുവ.
E-mail: secretarial@federalbank.co.in, Website: www.federalbank.co.in,
CIN: L65191KL1931PLC000368

ഓഹരി ഉടമകൾക്കുള്ള നോട്ടീസ്

ബാങ്കിന്റെ ഡിസംബർ 31, 2018 വരെയുള്ള ഓഡിറ്റ് ചെയ്യാത്ത ഫിനാൻഷ്യൽ റിസൾട്ട് പരിഗണിക്കുന്നതിനായി, ബാങ്കിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ മീറ്റിംഗ് 2019 ജനുവരി 17-ാം തീയതി, വ്യാഴാഴ്ച നടത്തുന്ന വിവരം ഇതിനാൽ അറിയിക്കുന്നു. ഈ നോട്ടീസ് 2015-ലെ ലിസ്റ്റിംഗ് റെഗുലേഷനുകളിലെ 29(1) (എ) / 29(2) ക്ലോസിന് ആസ്പദമായിട്ടുള്ളതാണ്. മേൽപറഞ്ഞ അറിയിപ്പ് ബാങ്കിന്റെ വെബ്സൈറ്റായ www.federalbank.co.in-ലും, BSE-യുടെ വെബ്സൈറ്റായ www.bseindia.comലും, നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ www.nseindia.com-ലും ലഭ്യമാണ്.

ദി ഫെഡറൽ ബാങ്ക് ലിമിറ്റഡിനുവേണ്ടി
(ഒപ്പ്)
ഗിരീഷ് കുമാർ ഗണപതി
കമ്പനി സെക്രട്ടറി

ആലുവ
07/01/2019

E1901-390518

E1812-388906